LIBRARY ARCHIVES Kerala Legislative Assembly

ഗോപകുമാരൻപിള്ളയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാതിരുന്നത് സംബന്ധിച്ച്

73 [1174] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ മീയണ്ണൂർ വൃന്ദാഭവനിൽ താമസിക്കുന്ന വികലാംഗനായ ശ്രീ. ഗോപകുമാരൻപിള്ള, കൺസ്യൂമർ നമ്പർ ബി. 15602 പ്രകാരം 2001-ൽ സി.ഡി. അടച്ചിട്ടും നാളിതുവരെ വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2001-ൽ ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി സ്പെഷ്യൽ ഓർഡർ നൽകിയിട്ടും, ടിയാന് വെളിയം കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ് ജീവനക്കാർ കണക്ഷൻ നൽകാതിരുന്ന ഗുരുതരമായ വീഴ്ചയ്ക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ടി വൈദ്യുതി കണക്ഷൻ അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ ബോർഡ് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഒരാഴ്ചയ്ക്കകം വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി ആയിട്ടുണ്ട്.

വൈദ്യുതി വിതരണം കാര്യക്ഷമമാക്കുവാൻ നടപടി

74 [1183] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിനുശേഷം വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രസരണ നഷ്ടം കുറയ്ക്കൽ എന്നീ മേഖലകളിൽ വൈദ്യുതി ബോർഡിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) ഈ കാലയളവിൽ തലസ്ഥാന മേഖലയിലെ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പുതുതായി എന്തെല്ലാം നടപടികൾ ആവിഷ്കരിച്ചുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2001 മേയ് മാസത്തിനുശേഷം വൈദ്യുതി ഉൽപ്പാദനരംഗത്ത് 219.6 മെഗാവാട്ട്/1539.54 എം.യു. ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുവാൻ സാധിച്ചു.